**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1385** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>മൃഗസംരക്ഷണ ക്ഷീര വികസന മേഖലയിൽ പ്രവർത്തന മൂലധനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** മൃഗസംരക്ഷണ മേഖലയിലും ക്ഷീര വികസന മേഖലയിലും കർഷകർക്ക് ആവശ്യമായ പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മൃഗസംരക്ഷണ മേഖലയിലും ക്ഷീര വികസന മേഖലയിലും കർഷകർക്ക് ആവശ്യമായ പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നും 2025-2026 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതി, ഗോസമൃദ്ധി ഇൻഷുറൻസ് പദ്ധതി, കോംപ്രിഹെൻസീവ് ഫാം എയ്ഡ് പാക്കേജ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു .

ക്ഷീരവികസന മേഖലയിൽ കർഷകർക്ക് വിവിധ പദ്ധതികൾക്കുള്ള പ്രവർത്തന മൂലധനം, പദ്ധതി പൂർത്തീകരിച്ച ശേഷം ധനസഹായമായാണ് ക്ഷീരവികസന വകുപ്പ് നൽകുന്നത്. ക്ഷീരകർഷകർക്ക് പശുക്കളെ വാങ്ങുന്നതിനും , കാലിത്തൊഴുത്ത് നിർമ്മാണം, ആവശ്യാധിഷ്ഠിത ധനസഹായം, മിൽക്കിംഗ് മെഷീൻ എന്നിങ്ങനെ വിവിധങ്ങളായ പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. ക്ഷീരകർഷകർക്ക് അവരുടെ ഫാം ആധുനികവത്കരണത്തിനും നവീകരണത്തിനുമായി ബാങ്ക് ലോൺ എടുത്ത തുകയ്ക്ക് പൂർണ്ണമായും പലിശ ധനസഹായമായി നൽകുന്ന, പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 5 പശുക്കൾക്ക് മുകളിലുള്ള യൂണിറ്റിനായി ബാങ്ക് വായ്പ എടുത്തവർക്കാണ് പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നത്. പ്രതിവർഷം പരമാവധി 3 ലക്ഷം രൂപ വരെ പലിശയിനത്തിൽ ധനസഹായം അനുവദിക്കുന്നുണ്ട്.

**(ബി)** പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് ക്ഷീരവികസന വകുപ്പിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല . എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സാമ്പത്തിക സഹായത്തോടെ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന എൻ.എൽ.എം ഇൻഷുറൻസ് പദ്ധതി മൃഗസംരക്ഷണ മേഖലയിലേയും ക്ഷീരവികസന മേഖലയിലേയും കർഷകർക്കും സംരംഭകർക്കും പ്രവർത്തന മൂലധനം ഉറപ്പാക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് .

**സെക്ഷൻ ഓഫീസർ**